പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1899 — 08.06.2018-ലെ മറുപടിക്ക്

## ദീർഘകാല അവധിയിലുള്ള കെ.എസ്.ആർ.ടി.സി ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർ തിരികെ ജോലിക്ക് ഹാജരാകണമെന്ന് മാനേജ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) | ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാർ തിരികെ ജോലിക്ക് ഹാജരാകണമെന്ന് മാനേജ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം അനവധി സർവ്വീസുകൾ റദ്ദ് ചെയ്യുന്ന കാരണത്താലാണ് ടി ജീവനക്കാരോട് തിരികെ ജോലിയിൽ ഹാജരാകുവാൻ നിർദ്ദേശിച്ചത്. |
| (ബി) | കോർപ്പറേഷന്റെ ചട്ടമനുസരിച്ച് അഞ്ചുവർഷം വരെ ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിക്കാമെന്നിരിക്കെ, അഞ്ചു വർഷത്തെ ലീവ് അനുവദിക്കപ്പെട്ട ജീവനക്കാർ തിരികെ ജോലിക്ക് പ്രവേശിക്കണമെന്ന് ആവശ്യപ്പെടുവാനുള്ള പ്രത്യേക സാഹചര്യമെന്താണ് എന്ന് വ്യക്തമാക്കുമോ? | (ബി) | അടിയന്തിര ഘട്ടങ്ങളിൽ കോർപ്പറേഷന് അഞ്ച് വർഷം വരെ അവധി അനുവദിക്കപ്പെട്ട ജീവനക്കാരെ തിരിച്ച് വിളിക്കാൻ വ്യവസ്ഥയുണ്ട്. കെ.എസ്.ആർ.ടി.സിയിൽ ജീവനക്കാരുടെ കുറവ്മൂലം അനവധി സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുകയും വൻ സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ടി ജീവനക്കാരെ തിരികെ വിളിച്ചത്. |

സെക്ഷൻ ഓഫീസർ